"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാര വകുപ്പ് - കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം പതിപ്പിന്റെ സുഗമമായ നടത്തിപ്പിനും മുന്നൊരുക്കങ്ങൾക്കുമായി അനുവദിച്ചതും 31.03.2026-ൽ പി എസ് റ്റി എസ് ബി അക്കൗണ്ടിൽ നിന്നും തിരിച്ചെടുത്തതുമായ മൂന്ന് കോടി രൂപ നടപ്പ് സാമ്പത്തിക വർഷം 3452-80-104-99-03-00-00-PV എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.233/2026/TSM തീയതി,തിരുവനന്തപുരം, 29-04-2026

---

പരാമർശം:-

1. 30.03.26 ലെ സ.ഉ.(സാധാ) നം.217/2026/ടൂറിസം.
2. 01.04.26 - ലെ സർക്കുലർ നം.17/26/ഫിൻ.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 21.04.2026-ലെ ഡി.ഒ.റ്റി/10133/2023-പി2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം പതിപ്പിന്റെ സുഗമമായ നടത്തിപ്പിനും മുന്നൊരുക്കങ്ങൾക്കുമായി പരാമർശം (1) ഉത്തരവ് പ്രകാരം അനുവദിച്ച 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ കൊച്ചി മുസിരിസ് ബിനാലെയുടെ PSTSB അക്കൗണ്ടിലേക്ക് അനുവദിച്ചിരുന്നു. എന്നാൽ ടി തുക PSTSB അക്കൗണ്ടിൽ നിന്നും സർക്കാർ 31/03/2026 ൽ തിരിച്ചെടുക്കുകയുണ്ടായി. തിരിച്ചെടുത്ത മൂന്ന് കോടി രൂപ തിരികെ ലഭ്യമാക്കണമെന്ന് ബിനാലെ അധികൃതർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും നടപ്പു സാമ്പത്തിക വർഷം 8.3 കോടി രൂപ 3452-80-104-99-03-00-00-PV എന്ന ശീർഷകത്തിൽ ബിനാലേയ്ക്കായി വകയിരുത്തിയിട്ടുണ്ടെന്നും ആയതിനാൽ ബിനാലെയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കുടിശ്ശിക ബില്ലുകൾ ക്രമീകരിക്കുന്നതിലേക്കായി പ്രസ്തുത തുക എത്രയും വേഗം ബിനാലെയുടെ PSTSB അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊച്ചി മുസിരിസ് ബിനാലെയുടെ ആറാം

പതിപ്പിന്റെ സുഗമമായ നടത്തിപ്പിനും മുന്നൊരുക്കങ്ങൾക്കുമായി പരാമർശിത ഉത്തരവ് പ്രകാരം അനുവദിച്ചതും, 31.03.2026-ന് കൊച്ചി മുസിരിസ് ബിനാലെയുടെ PSTSB അക്കൗണ്ടിൽ നിന്നും പിൻവലിച്ചതുമായ 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 3452-80-104-99-03-00-00-PV എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും അനുവദിക്കുന്നതിന് വിനോദ സഞ്ചാരവകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ ബിജു ഐ എ എസ്

സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എ & ഇ ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്( 3060008/ബി2/58/25-ഫിൻ നമ്പർ ഫയൽ പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി (C2/137/2026-TOUR)

ഉത്തരവിൻ പ്രകാരം

**Signed by Sajila T**
**Date: 30-04-2026 10:41:09**

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.